**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1551** **10-10-2024 - ൽ മറുപടിയ്ക്ക്**

**സർട്ടിഫിക്കറ്റുകളും മറ്റു രേഖകളും ലഭ്യമാക്കുന്നതിന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ഉൾപ്പെടെ ലഭിക്കുന്നതിന് സർട്ടിഫിക്കറ്റുകളും മറ്റു രേഖകളും ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (എ) | റവന്യൂ വകുപ്പ് നല്കി വരുന്ന വിവിധ രേഖകൾ വയനാട് ഉരുൾപ്പൊട്ടലിന്റെ ഫലമായി നഷ്ടപ്പെട്ടവർക്ക് പ്രസ്തുത രേഖകൾക്ക് പകരമായി പുന:സൃഷ്ടിച്ച രേഖകൾ/ ഡ്യൂപ്ലിക്കേറ്റ് നല്കുമ്പോൾ യാതൊരു ഫീസും ഈടാക്കാൻ പാടില്ലെന്നും ടി സേവനങ്ങൾക്ക് നിലവിൽ അനുവർത്തിച്ചുവരുന്ന നടപടിക്രമങ്ങൾ ഒഴിവാക്കേണ്ടതാണെന്നും 08.08.2024 ലെ സ.ഉ.(കൈ)നം.143/2024/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി പഞ്ചായത്തിലെ 10, 11, 12 വാർഡുകളിലുണ്ടായ ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് അർഹമായ എക്സ്ഗ്രേഷ്യ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും പരേതരുടെ Next of Kin ആയവർക്ക് നൽകുന്നതിന് 14.08.2024 ലെ സ.ഉ.(കൈ)നം.8/2024/DMD പ്രകാരം ഉത്തരവായിരുന്നു. ആയതിന് 25.11.2021ലെ സ.ഉ.(കൈ)നം.7/2021/DMD നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രസ്തുത ഉത്തരവ് പ്രകാരം ബാധകമാക്കുകയും ചെയ്തിരുന്നു. കൂടാതെ, പ്രസ്തുത ദുരന്തത്തിൽ മരണമടഞ്ഞവരുടെ അവകാശികൾക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ 19.09.2024 ലെ സ.ഉ.(സാധാ)നം.2250/2024/RD പ്രകാരം ലഘൂകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.<br><br>പ്രസ്തുത ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനായി പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളതും 45 ഇനങ്ങളിലായി 1130 രേഖകൾ അനുവദിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - വയനാട് ജില്ലയിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ അവകാശികൾക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.2250/2024/RD തീയതി,തിരുവനന്തപുരം, 19-09-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.142/2024/ആർ.ഡി തീയതി 07.08.2024
2. സ.ഉ.(കൈ) നം.143/2024/ആർ.ഡി തീയതി 08.08.2024
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03.09.2024 ലെ LR/7736/2024-LR(A6) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിൽ 30.07.2024 - ലുണ്ടായ ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ അവകാശികൾക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിലേയ്ക്കായി പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ അവകാശികൾക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിലേയ്ക്കായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(1) പരേതരുടെ അവകാശികളിൽ ഒരാളിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടേയും മരണ സർട്ടിഫിക്കറ്റിന്റെയും ജനപ്രതിനിധി നൽകുന്ന കത്തിന്റെയും, പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ അവകാശികളെ നിശ്ചയിച്ച് തഹസിൽദാർക്ക് റിപ്പോർട്ട് നൽകുക. അവകാശി മൈനർ ആണെങ്കിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനായി മൈനറിനു വേണ്ടി ഏതെങ്കിലും ബന്ധുവിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ അപ്രകാരം അപേക്ഷ ലഭ്യമാകാത്തപക്ഷം വില്ലേജ് ഓഫീസർ തന്നെ മൈനറിനു വേണ്ടി suo-moto ആയി (സ്വമേധയാ) നടപടി സ്വീകരിക്കേണ്ടതാണ്.

(2) വില്ലേജ് ഓഫീസറും, തഹസിൽദാറും, ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾക്ക് ഏറ്റവും മുന്തിയ മുൻഗണന നൽകി ആവശ്യമായ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

(3) ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിലേയ്ക്കായി സർക്കാർ പ്രസ്സിൽ ലഭിക്കുന്ന ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ടുള്ള തഹസിൽദാരുടെ അറിയിപ്പ് ഏറ്റവും അടുത്ത ഗസറ്റിൽ തന്നെ പ്രസിദ്ധീകരിക്കുവാൻ വേണ്ട നടപടികൾ അച്ചടി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(4) ഈ വിഷയത്തിൽ നിശ്ചിത സമയ പരിധിക്കകം ആക്ഷേപങ്ങൾ ഒന്നും ഫയൽ ചെയ്യപ്പെട്ടില്ലെങ്കിൽ സമയ പരിധി പൂർത്തിയായി 3 പ്രവൃത്തി ദിവസത്തിനകം തഹസിൽദാർ അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, അച്ചടി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (REV-T2/271/2024-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 19-09-2024 12:38:50

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു മുഖ്യമന്ത്രിയുടെ പി.എസ്. ന്.
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.
സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ് . (ആവശ്യമായ നടപടിക്ക്)